***'CORRUPTION, A CRIME AGAINST NATION'***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം–695 033,**
**ഇ–മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471– 2305393**
**തീയതി: 12.12..2022**

# "കൈക്കൂലി വാങ്ങുന്നതിനിടെ പഞ്ചായത്ത് സെക്രട്ടറി വിജിലൻസ് പിടിയിൽ"

ഇടുക്കി ജില്ലയിലെ, ഏലപ്പാറ പഞ്ചായത്ത് സെക്രട്ടറി ഹാരിസ് ഖാൻ 10,000/–രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (12.12.2022) വിജിലൻസ് പിടിയിലായി.

ഏലപ്പാറ ഗ്രാമപഞ്ചായത്ത് വക കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് വർക്ക് കരാർ ഏറ്റെടുത്ത പരാതിക്കാരിയോട് കരാർ പ്രകാരമുള്ള നാലരലക്ഷം രൂപയുടെ ബില്ല് മാറി നൽകണമെങ്കിൽ കരാർ തുകയുടെ ഒരു ശതമാനവും കൂടാതെ ആവലാതി ടി പഞ്ചായത്തിൽ മുൻപ് കരാറെടുത്ത് പൂർത്തിയാക്കി ബില്ല് മാറിയ 9 ലക്ഷം രൂപ ഉൾപ്പെടെയുള്ള തുകയുടെ കമ്മീഷനും ചേർത്ത് 10,000/–രൂപ കൈക്കൂലി നൽകിയെങ്കിൽ മാത്രമേ നാലരലക്ഷം രൂപയുടെ ബില്ലിൽ ഒപ്പിടുകയുള്ളോ എന്ന് ഇക്കഴിഞ്ഞ വ്യാഴാഴ്ച പരാതിക്കാരിയോട് സെക്രട്ടറി നേരിട്ട് ആവശ്യപ്പെട്ടു. തുടർന്ന് പ്രതികരിക്കാതിരുന്ന പരാതിക്കാരിയോട് ഇന്ന് (12.12.2022) രാവിലെ ഫോണിൽ വിളിച്ച് പതിനായിരം രൂപ ഉച്ചകഴിഞ്ഞ് രണ്ടര മണിയോടെ ഓഫീസിലെത്തി നൽകണമെന്ന് വീണ്ടും ആവശ്യപ്പെടുകയും ചെയ്തു. പരാതിക്കാരി ഉടൻ തന്നെ ഈ വിവരം വിജിലൻസ് ഇടുക്കി

യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ ഷാജുജോസിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കെണി ഒരുക്കി ഇന്ന് ഉച്ചക്ക് രണ്ടര മണിയോടെ പഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസിൽ വച്ച് പരാതിക്കാരിയിൽ നിന്നും 10,000/-രൂപ കൈക്കൂലി വാങ്ങവെ സെക്രട്ടറിയെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ വിജിലൻസ്, ഇടുക്കി യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ ഷാജുജോസിനെ കൂടാതെ ഇൻസ്പെക്ടർമാരായ മഹേഷ്, കിരൺ, സബ്ഇൻസ്പെക്ടർമാരായ സ്റ്റാൻലിതോമസ്, അസി. സബ് ഇൻസ്പെക്ടർമാരായ ബേസിൽ, ഷാജികുമാർ, എസ് സി. പി ഒ മാരായ അജയചന്ദ്രൻ, മാഹീൻ, സന്ധീപ്, സിപിഒ മാരായ അരുൺ എന്നിവരടങ്ങിയ വിജിലൻസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.